പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 2173

12.02.2013-ൽ മറുപടിക്ക്.

## വയനാട് ക്രൈംബ്രാഞ്ച് ഓഫീസ് കെട്ടിടത്തിന്റെ സ്ഥലം കൈമാറ്റം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. വി. ശ്രേയാംസ്കുമാർ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) വയനാട് ക്രൈംബ്രാഞ്ച് ഓഫീസ് കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലം കബളക്കാട് ബസ്സ്റ്റാന്റ് വിപുലീകരണത്തിന് കൈമാറണമെന്നാവശ്യപ്പെട്ടുകൊണ്ട് നിവേദനം ലഭിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | : (എ) ഉണ്ട് ; വയനാട് ക്രൈംബ്രാഞ്ച് ഓഫീസ് സ്ഥിതിചെയ്യുന്ന കെട്ടിടം കമ്പളക്കാട് ബസ് സ്റ്റാൻഡ് വിപുലീകരണത്തിന് കൈമാറുന്നതിന് പകരമായി നൽകാമെന്ന് പറഞ്ഞ ഭൂമിയും കെട്ടിടവും പരിശോധിച്ചതിൽ പ്രസ്തുത ഭൂമിയും കെട്ടിടവും ക്രൈംബ്രാഞ്ച് ഓഫീസ് ഇപ്പോൾ സ്ഥിതി ചെയ്യുന്ന കെട്ടിടത്തിന്റെയും സ്ഥലത്തിന്റെയും മതിപ്പുവിലയുമായി താരതമ്യം ചെയ്യുമ്പോൾ ടി സ്ഥലം പോലീസ് വകുപ്പിന് അഭികാമ്യമല്ല എന്ന സംസ്ഥാന പോലീസ് മേധാവിയുടെ റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു. |
| (ബി) പ്രസ്തുത നിവേദനത്തിന്മേൽ സർക്കാരിന്റെ ഏതെല്ലാം വകുപ്പുകളിൽ നടപടി ആരംഭിച്ചിട്ടുണ്ട് എന്നതിന്റെ ഫയൽ നമ്പർ സഹിതമുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | : (ബി) പ്രസ്തുത വിഷയം സംബന്ധിച്ച് ആഭ്യന്തര (ഇ) വകുപ്പിൽ 63311/ഇ1/2012/ആഭ്യന്തരം എന്ന നമ്പരിലുള്ള ഫയൽ ഉണ്ട്. |
| (സി) പ്രസ്തുത സ്ഥലം ബസ്സ്റ്റാന്റ് വിപുലീകരണത്തിന് കൈമാറുന്നതിന് നടപടി സ്വീകരിക്കുമോ ? | : (സി) ഈ വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ